REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-12-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **നടപടികൾ പൂർത്തിയാക്കി ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. ഈ മാസം ഒന്നിന് ആരംഭിച്ച സമ്മേളനം 19 ദിവസമാണ് ചേർന്നത്.**
- **ഇന്ന് ഗോവ വിമോചന ദിനം.**
- **കേന്ദ്രഗവൺമെന്റിന്റെ പുതിയ തൊഴിൽ കോഡുകൾ പിൻവലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **എലപ്പുള്ളിയിൽ ബ്രൂവറിയ്ക്ക് സംസ്ഥാന ഗവൺമെന്റ് നൽകിയ അനുമതി ഹൈക്കോടതി റദ്ദാക്കി.**
- **30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള തിരുവനന്തപുരം നിശാഗന്ധിയിൽ വൈകിട്ട് സമാപിക്കും.**

## വാർത്തകൾ വിശദമായി

നടപടികൾ പൂർത്തിയാക്കി ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. ഈ മാസം ഒന്നിന് ആരംഭിച്ച സമ്മേളനം 19 ദിവസമാണ് ചേർന്നത്. 111 ശതമാനം കാര്യശേഷിയോടുകൂടിയാണ് സഭ ഇത്തവണ പിരിയുന്നതെന്നും, ആകെ 15 സിറ്റിംഗുകൾ നടത്തിയെന്നും സ്പീക്കർ ഓം ബിർള പറഞ്ഞു. സഭയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാ അംഗങ്ങളോടും അദ്ദേഹം നന്ദിയറിയിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഹൈദരാബാദിൽ, സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർ പേഴ്സൺമാരുടെ രണ്ട് ദിവസത്തെ ദേശീയ

സമ്മേളനം ഉദ്ഘാടനം ചെയ്യും. സംസ്ഥാനങ്ങളിലെ PSC ചെയർപേഴ്സൺമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ ഇന്ന് ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് പരമ്പരാഗത വൈദ്യശാസ്ത്ര ആഗോള ഉച്ചകോടിയുടെ സമാപന ചടങ്ങിൽ പങ്കെടുക്കും. സമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി ആയുഷ് മേഖലയിലെ ഡിജിറ്റൽ പോർട്ടലായ 'മൈ ആയുഷ് ഇന്റഗ്രേറ്റഡ് സർവീസസ് പോർട്ടൽ' ഉൾപ്പെടെ നിരവധി സുപ്രധാന ആയുഷ് സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യും.

✪✪✪

ഇന്ന് ഗോവ വിമോചന ദിനം. 1961-ൽ പോർച്ചുഗീസ് ഗവൺമെന്റിൽ നിന്ന് ഇന്ത്യൻ സായുധസേന ഗോവ പിടിച്ചടക്കിയതിന്റെ ഓർമ്മയിലാണ് ഗോവ വിമോചന ദിനാചരണം.

കൊളോണിയൽ ഭരണത്തിൽ നിന്ന് ഗോവയെ മോചിപ്പിക്കാൻ നിരന്തരം പോരാടിയവർക്ക് രാഷ്ട്രപതി ദ്രൗപതി മുർമു ശ്രദ്ധാഞ്ജലി നേർന്നു. ഗോവ വിമോചന സേനാനികളെയും, ജീവത്യാഗം ചെയ്ത സേനാംഗങ്ങളെയും രാജ്യം അഭിവാദ്യം ചെയ്യുന്നതായും ഗോവയിലെ ജനങ്ങൾക്ക് സമൃദ്ധവും, ശോഭനവുമായ ഭാവി ആശംസിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു.

ഗോവ വിമോചന ദിനം ദേശീയ യാത്രയിലെ ഒരു നിർണായക അധ്യായത്തെ ഓർമ്മിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഗോവയുടെ സമഗ്ര പുരോഗതിക്കായി നാം പ്രവർത്തിക്കുമ്പോൾ അവരുടെ ത്യാഗങ്ങൾ നമ്മെ പ്രചോദിപ്പിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

ഗോവ വിമോചന സമരത്തിൽ പങ്കെടുക്കാൻ കേരളത്തിൽ നിന്നു ഗോവയിലേക്ക് പോയ ധീര സമരപോരാളികളുടെ കുടുംബാംഗങ്ങളെ ഗോവ വിമോചന ദിനമായ ഇന്ന് ലോക് ഭവനിൽ ആദരിക്കും. വൈകിട്ട് സംഘടിപ്പിക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും.

✪✪✪

കേന്ദ്രഗവൺമെന്റിന്റെ പുതിയ തൊഴിൽ കോഡുകൾ പിൻവലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് ദേശീയ ലേബർ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലേബർ കോഡ് തൊഴിലാളികളുടെ അവകാശങ്ങൾ ഇല്ലാതാക്കുമെന്ന്

ആശങ്കയുണ്ടെന്നും, കേന്ദ്ര നയം തൊഴിലാളികളുടെ വിലപേശൽ ശേഷി ഇല്ലാതാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

എലപ്പുള്ളിയിൽ ബ്രൂവറിയ്ക്ക് സംസ്ഥാന ഗവൺമെന്റ് നൽകിയ അനുമതി ഹൈക്കോടതി റദ്ദാക്കി. പൊതുതാൽപര്യഹർജിയിലാണ് ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

ഒയാസിസ് കമ്പനിക്ക് നൽകിയ പ്രാഥമിക അനുമതിയാണ് ഹൈക്കോടതി റദ്ദാക്കിയത്. വിഷയത്തിൽ കൃത്യമായ പഠനം നടത്തിയിട്ടില്ലെന്നും വിശദമായ പഠനം വേണമെന്നും കോടതി ആവശ്യപ്പെട്ടു. നടപടിക്രമങ്ങൾ പാലിച്ച് പുതിയ തീരുമാനമെടുക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി.

✪✪✪

കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഈ മാസം അവസാന വാരം ഭിന്നശേഷി സൗഹൃദ കെട്ടിട ഓഡിറ്റ് നടത്തും. ചേവായൂർ കോമ്പോസിറ്റ് റീജിനൽ സെന്റർ, തദ്ദേശ സ്ഥാപനങ്ങൾ, കാലിക്കറ്റ് സർവകലാശാല-നാഷണൽ സർവീസ് സ്കീം, കോഴിക്കോട്ടെ ക്യാമ്പസുകൾ എന്നിവയുടെ സഹകരണത്തോടെയാണ് കെട്ടിടങ്ങളിലെ ഭിന്നശേഷി സൗഹൃദ സാഹചര്യം ഓഡിറ്റ് ചെയ്യുന്നത്. സമ്പൂർണ ഭിന്നശേഷി സൗഹൃദ ജില്ല എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സഹമിത്ര പദ്ധതിയുടെ ഭാഗമായാണ് ഓഡിറ്റ്. ഏഴായിരത്തോളം പൊതു കെട്ടിടങ്ങളിലാണ് ആദ്യ ഘട്ട ഓഡിറ്റിംഗ് നടത്തുന്നത്.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള ഇന്ന് സമാപിക്കും. വൈകീട്ട് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. സിനിമാ മേഖലയിൽ 50 വർഷം പൂർത്തിയാക്കിയ പ്രശസ്ത സംവിധായകൻ സയീദ് മിർസയയെ ആദരിക്കും. മേളയിലെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം മൗറിത്തേനിയൻ സംവിധായകൻ അബ്ദെറഹ്മാൻ സിസാക്കോയ്ക്ക് മുഖ്യമന്ത്രി സമ്മാനിക്കും. ജൂറി ചെയർപേഴ്സൺ മുഹമ്മദ് റസൂലാഫിനേയും മുഖ്യമന്ത്രി ആദരിക്കും. മേളയിലെ ഏറ്റവും മികച്ച സിനിമയ്ക്ക് സുവർണ ചകോര പുരസ്കാരവും മറ്റ് പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്യും. പ്രേക്ഷക അവാർഡ്, തിയ്യറ്റർ അവാർഡ്, മാധ്യമ അവാർഡ് എന്നിവയും ഇതോടൊപ്പം വിതരണം ചെയ്യും.

✪✪✪

ചലച്ചിത്രമേളയിലെ ഓഡിയൻസ് പോൾ അവാർഡിന് ഉച്ചയ്ക്ക് രണ്ട് വരെ വോട്ട് ചെയ്യാം. വെബ്സൈറ്റ് വഴിയും മൊബൈൽ ആപ്പ് വഴിയും വോട്ട്

രേഖപ്പെടുത്താം. 14 ചിത്രങ്ങളാണ് ഓഡിയൻസ് പോൾ അവാർഡിന് മത്സരിക്കുന്നത്.

✪✪✪

സംസ്ഥാന പൊലീസിന്റെ ഏറ്റവും വൈകൃതമായ മുഖമാണ് എറണാകുളത്ത് പൊലീസ് സ്റ്റേഷനിൽ യുവതിയെ മർദ്ദിച്ച സംഭവത്തിൽ പുറത്തുവന്നതെന്ന് AICC ജനറൽ സെക്രട്ടറി K C വേണുഗോപാൽ പറഞ്ഞു. ആലപ്പുഴയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊലീസിനെ ഈ നിലയിൽ എത്തിച്ചതിന്റെ ഉത്തരവാദിത്വം മുഖ്യമന്ത്രി പിണറായി വിജയനാണെന്നും, പാർട്ടി ആവശ്യത്തിനും ക്രിമിനലുകളെ സംരക്ഷിക്കാനുമാണ് പോലീസിനെ ഉപയോഗിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് പൊലീസ് അതിക്രമങ്ങൾ തുടർച്ചയായി ഉണ്ടാകുന്നതിൽ മുഖ്യമന്ത്രി മാപ്പ് പറയണമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ ആവശ്യപ്പെട്ടു. പൊലീസ് സ്റ്റേഷനിലെത്തിയ ഗർഭിണിയെ ഉദ്യോഗസ്ഥൻ കരണത്തടിച്ച സംഭവം ഗൗരവമായി അന്വേഷിക്കണമെന്നും സതീശൻ പറഞ്ഞു. ഒരു പാട്ടു കേട്ടാൽ പോലും അസഹിഷ്ണുതയോടു കൂടി കാണുന്ന ഗവൺമെന്റാണ് പിണറായി വിജയന്റേതെന്ന് പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

✪✪✪

ദേശീയപാത 66 കേന്ദ്രീകരിച്ച് രാജ്യത്തെ ആദ്യ ഇലക്ട്രിക് ചരക്ക് ഇടനാഴി സംസ്ഥാനം യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. PM E-ഡ്രൈവ് പദ്ധതിയുടെ ഭാഗമായി KSEB യുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് മന്ത്രി ഫേസ് ബുക്കിൽ കുറിച്ചു.

120 കിലോവാട്ട്, 240 കിലോവാട്ട് ശേഷിയോടെ ഹൈ-കപ്പാസിറ്റി ചാർജിംഗ് സംവിധാനങ്ങളും ട്രക്ക് ഡ്രൈവർമാർക്കായി വിശ്രമകേന്ദ്രങ്ങളും ഈ കോറിഡോറിൽ ഒരുങ്ങുന്നതോടെ കേരളം ഹരിത ഗതാഗതത്തിൽ ഇന്ത്യയ്ക്ക് തന്നെ മികച്ച മാതൃകയാകുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

തിരുവനന്തപുരം റീജിണൽ കാൻസർ സെന്ററിലെ കിടക്കകളുടെ എണ്ണം 500 ൽ നിന്ന് 800 ആക്കി ഉയർത്തുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. 30,680 സ്ക്വയർ മീറ്റർ വിസ്തീർണത്തിൽ 14 നില കെട്ടിടം നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ആരോഗ്യവകുപ്പ്

നിർമ്മിക്കുന്ന പുതിയ ബ്ലോക്ക് ഏതാനും ആഴ്ചകൾക്കുള്ളിൽ പൂർത്തിയാകുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

അടുത്ത സാമ്പത്തിക വർഷത്തെ കണ്ണൂർ സർവ്വകലാശാലയുടെ ബജറ്റിൽ ഏഴ് കോടിയിലധികം രൂപയുടെ നീക്കിയിരിപ്പ് പ്രതീക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ PM ഉഷ പദ്ധതി പ്രകാരം വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ സർവ്വകലാശാലയിൽ പുരോഗമി ക്കുകയാണ്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(വോയ്സ്)...........

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം ഇന്ന് അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ. വൈകിട്ട് ഏഴിന് മത്സരം ആരംഭിക്കും. ബുധനാഴ്ച ലഖ്നൗവിൽ നടത്തേണ്ടിയിരുന്ന മത്സരം കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ഉപേക്ഷിച്ചിരുന്നു. പരമ്പരയിൽ രണ്ട് മത്സരങ്ങൾ ജയിച്ച് ഇന്ത്യ മുന്നിട്ട് നിൽക്കുകയാണ്. ഒരു മത്സരത്തിൽ ദക്ഷിണാഫ്രിക്കയാണ് വിജയിച്ചത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സ് - തൃശൂർ മാജിക് FC ഫൈനൽ ഇന്ന് കണ്ണൂരിൽ. ജവഹർ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.......

.....(VOICE)......

✪✪✪

ശബരിമല സ്വർണക്കൊള്ള, ED അന്വേഷിക്കണമെന്ന് കൊല്ലം വിജിലൻസ് കോടതി ഉത്തരവിട്ടു. രേഖകൾ ആവശ്യപ്പെട്ട് E.D. സമർപ്പിച്ച അപേക്ഷയിലാണ് ഉത്തരവ്. FIR, ഉൾപ്പടെ എല്ലാ രേഖകളും E.D. യ്ക്ക് ലഭിക്കും.

അതേസമയം തിരുവാഭരണം കമ്മീഷണർ KS ബൈജുവിന്റെ കാലാവധി കൊല്ലം വിജിലൻസ് കോടതി ജനുവരി ഒന്നുവരെ നീട്ടി.

✪✪✪

സംവിധായികയ്ക്കെതിരായ ലൈംഗികാതിക്രമക്കേസിൽ മുൻ MLA യും സംവിധായകനുമായ PT കുഞ്ഞുമുഹമ്മദിന്റെ ജാമ്യ ഹർജിയിൽ തിരുവനന്തപുരം അഡീഷണൽ ജില്ലാ സെഷൻസ് കോടതി നാളെ വിധി പറഞ്ഞേക്കും. ഗൂഢാലോചനയുടെ ഭാഗമാണ് പരാതിയെന്നാണ് കുഞ്ഞുമുഹമ്മദിന്റെ വാദം.

✪✪✪

അതിജീവിതയുടെ തിരിച്ചറിയൽ വിവരം വെളിപ്പെടുത്തി അപമാനിച്ചെന്ന കേസിൽ കോൺഗ്രസ് നേതാവ് സന്ദീപ് വാര്യരുടെ മുൻകൂർ ജാമ്യാപേക്ഷയിൽ തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി ഇന്ന് വിധി പറഞ്ഞേക്കും. കോടതിയുടെ അന്തിമ തീരുമാനം വരുന്നതുവരെ സന്ദീപ് വാര്യരുടെ അറസ്റ്റ് വിലക്കിയിരുന്നു.

✪✪✪

64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ പന്തൽ കാൽനാട്ട് കർമം നാളെ രാവിലെ തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടത്തും. മന്ത്രി V ശിവൻകുട്ടിയാണ് നിർമ്മാണത്തിന് തുടക്കമിടുന്നത്. മന്ത്രിമാരായ K രാജൻ, ഡോ.R.ബിന്ദു എന്നിവർ ചടങ്ങിൽ പങ്കെടുക്കും. ഉച്ചക്ക് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ കലോത്സവ ലോഗോ പ്രകാശനം ചെയ്യും. 63-ാം കലോത്സവത്തിന്റെ മീഡിയ അവാർഡുകൾ ഇതോടൊപ്പം പ്രഖ്യാപിക്കും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*NRTs: അനിൽ ചന്ദ്രൻ,*
*DEO: ഷീബ*